ടി.കെ ഉബൈദ്

1212

സൂറ - 44

# അദ്ദുഖാന്‍

**സൂക്തം 30-33**

▼

അല്ലാഹു മനുഷ്യര്‍ക്കരുളുന്ന അനുഗ്രഹങ്ങള്‍ അവന്റെ വംശം പോലെ, രൂപം പോലെ എന്നെന്നും സ്വയം നിലനില്‍ക്കുന്നതല്ല. അനുഗ്രഹങ്ങളെ നിലനിര്‍ത്താനും വളര്‍ത്താനും മനുഷ്യന്‍ ബോധപൂര്‍വം പ്രയത്നിക്കേണ്ടതുണ്ട്. ഇല്ലെങ്കില്‍ ഉണങ്ങുന്ന മരത്തില്‍നിന്ന് പൂവും കായും ഇലയും കൊഴിഞ്ഞുപോകുന്നതുപോലെ നേട്ടങ്ങളോരോന്നായി നഷ്ടപ്പെടുകയും ഒടുവില്‍ ശുഷ്കിച്ച തടിമരം മാത്രം അവശേഷിക്കുകയും ചെയ്യുന്നു.

وَلَقَدْ نَجَّيْنَا بَنِيٓ إِسْرَٰٓءِيلَ مِنَ ٱلْعَذَابِ ٱلْمُهِينِ ﴿٣٠﴾
مِن فِرْعَوْنَ ۚ إِنَّهُۥ كَانَ عَالِيًا مِّنَ ٱلْمُسْرِفِينَ ﴿٣١﴾

*30*
*ഇങ്ങനെ ഇസ്രാഈല്യരെ നാം മ്ലേഛമായ പീഡനത്തില്‍നിന്നു മോചിപ്പിച്ചു.*
*31*
*അഥവാ, ഫറവോനില്‍നിന്ന്. അവനോ, അതിക്രമികളില്‍ ഏറ്റം പൊന്തിനിന്നവനായിരുന്നു.*

| | |
|---|---|
| (ഇങ്ങനെ) ഇസ്രാഈല്യരെ നാം മോചിപ്പിച്ചു | وَلَقَدْ نَجَّيْنَا بَنِي إِسْرَائِيلَ |
| മ്ലേഛമായ പീഡനത്തില്‍നിന്ന് | مِنَ الْعَذَابِ الْمُهِينِ |
| (അഥവാ) ഫറവോനില്‍നിന്ന് | مِن فِرْعَوْنَ |
| അവന്‍(നോ) | إِنَّهُ |
| ഏറ്റം പൊന്തിനിന്നവനായിരുന്നു | كَانَ عَالِيًا |
| അതിരുകടന്നവരില്‍നിന്ന്, അതിക്രമികളില്‍ | مِّنَ الْمُسْرِفِينَ |

ഫറവോനെ നശിപ്പിച്ചുകൊണ്ട് അല്ലാഹു ഇസ്രാഈല്യരെ, അവരനുഭവിച്ചുകൊണ്ടിരുന്ന അപമാനകരമായ യാതനയില്‍നിന്ന് മോചിപ്പിച്ചു. مِنَ الْعَذَابِ الْمُهِينِ -ന്റെ പരാവര്‍ത്തനമാണ് مِن فِرْعَوْنَ. ഇസ്രാഈല്യരെ സംബന്ധിച്ചേടത്തോളം ഫറവോന്‍ സ്വയം തന്നെ അപമാനകരമായ ഒരു ശിക്ഷയായിരുന്നു. ഫറവോന്റെ നാശം തന്നെ ഇസ്രാഈല്യര്‍ക്ക് രക്ഷയായിരുന്നു. അതുവഴി ആത്മാഭിമാനത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും അവരുയര്‍ന്നു. അതുവരെ അവരെ നിന്ദിക്കുകയും പീഡിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്ന ഫറവോന്‍ ദുര്‍മരണം വരിച്ച് അപമാനത്തിന്റെ ആഴങ്ങളിലേക്കാണ്ടുപോവുകയും ചെയ്തു. സത്യത്തിന്റെയും നീതിയുടെയും ധര്‍മത്തിന്റെയും എല്ലാ അതിര്‍വരമ്പുകള്‍ക്കും അതീതനാണ് താനെന്നഹങ്കരിച്ച് ചരിക്കുന്ന ഉദ്ധതനായിരുന്നു ഫറവോന്‍ എന്നാണ് إِنَّهُ كَانَ عَالِيًا مِّنَ الْمُسْرِفِينَ ന്റെ താല്‍പര്യം.

വിഭവ ശേഷിയും സൈനിക ശക്തിയും മാ

റ്റിവച്ചാൽ, അഹന്തയിലും ഔദ്ധത്യത്തിലും ഫറവോനികൾക്ക് തുല്യരായിരുന്നു ഖുറൈശി മുശ്‌രിക്കുകൾ. അബൂ ജഹൽ, അബൂ ലഹബ്, വലീദ് പോലുള്ള നേതാക്കൾ വിശേഷിച്ചും. ഫറവോൻ നേരിട്ടതുപോലുള്ള ദയനീയമായ അന്ത്യമാണ് അവരെയും കാത്തിരുന്നത്. ●

وَلَقَدِ ٱخْتَرْنَـٰهُمْ عَلَىٰ عِلْمٍ عَلَى ٱلْعَـٰلَمِينَ ﴿٣٢﴾
وَءَاتَيْنَـٰهُم مِّنَ ٱلْـَٔايَـٰتِ مَا فِيهِ بَلَـٰٓؤٌا۟ مُّبِينٌ ﴿٣٣﴾

*32*
*ലോകരിൽ മികച്ചവരായി നാം ബോധപൂർവം അവരെ തെരഞ്ഞെടുത്തു.*
*33*
*വ്യക്തമായ പരീക്ഷണമുള്ള ചില ദൃഷ്ടാന്തങ്ങൾ അവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്തു.*

**വിഭവ ശേഷിയും സൈനിക ശക്തിയും മാറ്റിവച്ചാൽ, അഹന്തയിലും ഔദ്ധത്യത്തിലും ഫറവോനികൾക്ക് തുല്യരായിരുന്നു ഖുറൈശി മുശ്‌രിക്കുകൾ.**

| | |
|---|---|
| നാം അവരെ തെരഞ്ഞെടുത്തു | وَلَقَدِ اخْتَرْنَاهُمْ |
| അറിവിന്റെ പുറത്ത് (ബോധപൂർവം) | عَلَىٰ عِلْمٍ |
| ലോകരു(രിൽ മികച്ചവരായി)ടെ മേൽ | عَلَى الْعَالَمِينَ |
| നാം അവർക്കു കൊണ്ടുവന്നു (കാണിച്ചുകൊടുത്തു) | وَآتَيْنَاهُم |
| ചില ദൃഷ്ടാന്തങ്ങ(ൾ)ളാൽ | مِّنَ الْآيَاتِ |
| അതിൽ പരീക്ഷണം ഉള്ള | مَا فِيهِ بَلَاءٌ |
| വ്യക്തമായ | مُّبِينٌ |

ഫറവോനികളെ ഏറ്റം നികൃഷ്ടമായി സമുദ്രത്തിൽ മുക്കി നശിപ്പിച്ച അല്ലാഹു, അവർ അടിമകളാക്കി മ്ലേഛമായി പീഡിപ്പിച്ചുകൊണ്ടിരുന്ന ഇസ്രാഈല്യരെ ലോകത്തിലെ മികച്ച സമൂഹമാക്കി ഉയർത്തുകയും ചെയ്തു. اخْتَرْنَا- നാം തെരഞ്ഞെടുത്തു- സെലക്ട് ചെയ്തു എന്നാണ് മൂലപ്രയോഗം. ഇസ്രാഈല്യരുടെ ഉത്ഥാനം ഒരു യാദൃഛിക സംഭവമായിരുന്നില്ല. അല്ലാഹു അവരെ ഉയിർത്തെഴുന്നേൽപിച്ചതാണ് എന്നാണതിന്റെ ധ്വനി. ദാവൂദ്-സുലൈമാൻ രാജാക്കന്മാരുടെ കാലത്ത് ഇസ്രാഈൽ രാജ്യത്തിനുണ്ടായ നാഗരികവും സൈനികവും സാമ്പത്തികവുമായ വികാസം അവരുടെ ഉത്ഥാനത്തെ സാക്ഷ്യപ്പെടുത്തുന്നു. *സ്വാദ്, സബഅ്* സൂറകളിൽ അതെപ്പറ്റി വിശദമായ പരാമർശമുണ്ട്. അല്ലാഹു അവരെ മികച്ചവരായി തെരഞ്ഞെടുത്തതും അകാരണമോ അലക്ഷ്യമോ ആയിട്ടല്ല -عَلَىٰ عِلْمٍ- അറിവിന്റെ പുറത്ത്- ബോധപൂർവം ആയിരുന്നു. ഇസ്രാഈല്യരുടെ ഗുണദോഷങ്ങളും ശക്തിദൗർബല്യങ്ങളും അല്ലാഹുവിനു നന്നായറിയാമായിരുന്നു. അതോടൊപ്പം തന്നെ ലോകരിൽ തന്റെ സന്ദേശം പ്രബോധനം ചെയ്യാനും ധർമവ്യവസ്ഥ സ്ഥാപിക്കാനും ഏറ്റം യോഗ്യരായ സമൂഹമായി അവൻ അവരെ ബോധപൂർവം തെരഞ്ഞെടുത്ത് ഉയർത്തിക്കൊണ്ടു വരികയായിരുന്നു.

عَلَىٰ عِلْمٍ എന്ന വാക്ക് ചരിത്രത്തിന്റെ തത്ത്വശാസ്ത്രത്തെയും സൂചിപ്പിക്കുന്നതായി മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയെപ്പോലുള്ള വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിരിക്കുന്നു. ജനതകളുടെ ഉത്ഥാന പതനങ്ങൾ ആകസ്മികമായി സംഭവിക്കുന്നതല്ല; അല്ലാഹു അവന്റെ മാനദണ്ഡം കൊണ്ടളന്ന് അതിജയത്തിന് യോഗ്യരായവരെ തെരഞ്ഞെടുത്ത് ഉത്ഥാനത്തിലേക്കും, അനർഹരായവരെ പതനത്തിലേക്കും നയി

ക്കുകയാണ്. നാഗരികവും സാംസ്കാരികവുമായ അധഃസ്ഥിതിയിൽ പതിച്ചവർ അതിന്റെ കാരണക്കാരായി മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നതിലർഥമില്ല. അതൊരുതരം ആത്മവഞ്ചനയാണ്. പതനകാരണങ്ങളന്വേഷിക്കേണ്ടത് അവരവരിൽ തന്നെയാണ്. ഉത്ഥാനത്തിലെത്തുന്നവർ അതിൽ അഹങ്കരിച്ച് ധിക്കാരികളാവുകയല്ല വേണ്ടത്; മറിച്ച് ഉയർച്ചയും വളർച്ചയും ഒരുക്കിത്തന്ന അല്ലാഹുവിനോട് നന്ദിയുള്ളവരാവുകയും ശക്തികളും വിഭവങ്ങളും അവൻ തൃപ്തിപ്പെടുന്നവണ്ണം വിനിയോഗിക്കുകയുമാകുന്നു. അപ്പോഴാണ് ഉത്ഥാനം പ്രാപിച്ച സമൂഹം മുഴുലോകത്തിനും അനുഗ്രഹമാകുന്നത്.

ഇസ്രാഈല്യരെ ലോകർക്ക് ആചാര്യന്മാരും മാർഗദർശകരുമായ അനുഗൃഹീത ജനമാക്കിയ കാര്യം ഖുർആൻ പല സന്ദർഭങ്ങളിൽ അനുസ്മരിക്കുന്നുണ്ട്. ഉദാ: يَا بَنِي إِسْرَائِيلَ اذْكُرُوا نِعْمَتِيَ الَّتِي أَنْعَمْتُ عَلَيْكُمْ وَأَنِّي فَضَّلْتُكُمْ عَلَى الْعَالَمِينَ -"അല്ലയോ ഇസ്രാഈൽ വംശമേ, ഞാൻ നിങ്ങളിൽ ചൊരിഞ്ഞ അനുഗ്രഹങ്ങളോർക്കുവിൻ, നിങ്ങളെ സർവലോകരിലും ശ്രേഷ്ഠരാക്കിയ കാര്യവും ഓർക്കുവിൻ'' -2:47, 122). وَإِذْ قَالَ مُوسَىٰ لِقَوْمِهِ يَا قَوْمِ اذْكُرُوا نِعْمَةَ اللَّهِ عَلَيْكُمْ إِذْ جَعَلَ فِيكُمْ أَنبِيَاءَ وَجَعَلَكُم مُّلُوكًا وَآتَاكُم مَّا لَمْ يُؤْتِ أَحَدًا مِّنَ الْعَالَمِينَ -"മൂസാ സ്വന്തം ജനത്തോടോതിയതോർക്കുക: എന്റെ ജനമേ, അല്ലാഹു നിങ്ങളിൽ വർഷിച്ച അനുഗ്രഹങ്ങളെക്കുറിച്ചാലോചിക്കുവിൻ. അവൻ നിങ്ങളിൽ പ്രവാചകന്മാരെ നിയോഗിച്ചു. നിങ്ങളെ രാജാക്കന്മാരാക്കി. ലോകരിൽ മറ്റാർക്കും നൽകിയിട്ടില്ലാത്ത സൗഭാഗ്യങ്ങൾ നൽകി'' (5:20).

അല്ലാഹു മനുഷ്യർക്കരുളുന്ന അനുഗ്രഹങ്ങൾ അവന്റെ വംശം പോലെ, രൂപം പോലെ എന്നെന്നും സ്വയം നിലനിൽക്കുന്നതല്ല. അനുഗ്രഹങ്ങളെ നിലനിർത്താനും വളർത്താനും മനുഷ്യൻ ബോധപൂർവം പ്രയത്നിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ ഉണങ്ങുന്ന മരത്തിൽനിന്ന് പൂവും കായും ഇലയും കൊഴിഞ്ഞുപോകുന്നതുപോലെ നേട്ടങ്ങളോരോന്നായി നഷ്ടപ്പെടുകയും ഒടുവിൽ ശുഷ്കിച്ച തടിമരം മാത്രം അവശേഷിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയും ഇസ്രാഈലി ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. ഫറവോനിൽനിന്ന് രക്ഷപ്പെട്ട് ഫലസ്തീനിൽ സുവർണ ചരിത്രം രചിച്ച അവർ പിന്നീട് റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളാൽ അക്രമിക്കപ്പെട്ട് അടിമകളായും അഭയാർഥികളായും പല നൂറ്റാണ്ടുകൾ കഴിയേണ്ടി വന്നു. ഖുർആൻ 2:61, 3:112 സൂക്തങ്ങളിൽ അക്കാര്യവും അനുസ്മരിക്കുന്നുണ്ട്.

ضُرِبَتْ عَلَيْهِمُ الذِّلَّةُ وَالْمَسْكَنَةُ وَبَاءُوا بِغَضَبٍ مِّنَ اللَّهِ ۗ ذَٰلِكَ بِأَنَّهُمْ كَانُوا يَكْفُرُونَ بِآيَاتِ اللَّهِ وَيَقْتُلُونَ النَّبِيِّينَ بِغَيْرِ الْحَقِّ ۗ ذَٰلِكَ بِمَا عَصَوا وَّكَانُوا يَعْتَدُونَ

(അവർ നിന്ദ്യതയിലും ദൈന്യതയിലും ദാരിദ്ര്യത്തിലും അകപ്പെട്ടു. അവർ ദൈവകോപത്തിൽ പതിച്ചുപോയി. ദൈവിക ദൃഷ്ടാന്തങ്ങൾ നിഷേധിക്കുകയും അന്യായമായി പ്രവാചകന്മാരെ വധിക്കുകയും ചെയ്തതിന്റെ പരിണതിയത്രെ അത്; ദൈവധിക്കാരം പ്രവർത്തിച്ചതിന്റെയും. അവർ തികഞ്ഞ അക്രമികളുമായിരുന്നുവല്ലോ -2:61). ഇസ്രാഈല്യരുടെ അധഃപതനവും അതിന്റെ കാരണവും ഈ സൂക്തം വ്യക്തമാക്കുന്നുണ്ട്. പ്രവാചകന്റെയും ഖുലഫാഉർറാശിദീന്റെയും കാലത്ത് ജനങ്ങൾക്കുവേണ്ടി അല്ലാഹു ഉയർത്തിക്കൊണ്ടുവന്ന വിശിഷ്ട സമുദായ -خير امة اخرجت للنّاس- ത്തിന്റെയും ഇന്നത്തെ അവസ്ഥ ഇതുതന്നെയാണ്.

ഇസ്രാഈല്യർക്ക് അല്ലാഹു നൽകിയ 'ആയാത്തു'കളിൽ അവരുടെ പ്രവാചകന്മാരിലൂടെ പ്രത്യക്ഷപ്പെട്ട ദിവ്യാത്ഭുതങ്ങളും, തൗറാത്തിലൂടെയും ഇഞ്ചീലിലൂടെയും വെളിപ്പെട്ട വേദപ്രമാണങ്ങളും ഉൾപ്പെടുന്നു. ഈ 'ആയാത്തു'കളിൽ അവർക്ക് വ്യക്തമായ പരീക്ഷണങ്ങളും ഉണ്ടായിരുന്നു. പരീക്ഷണം -بَلَاءٌ- നന്മകൊണ്ടും തിന്മകൊണ്ടും ഉണ്ടാകും. وَنَبْلُوكُم بِالشَّرِّ وَالْخَيْرِ - (നാം തിന്മകൊണ്ടും നന്മകൊണ്ടും നിങ്ങളെ പരീക്ഷിക്കുന്നു -21:35). തിന്മകൊണ്ട് പരീക്ഷിക്കപ്പെടുന്നത് ക്ഷമയും സ്ഥൈര്യവുമാണ്. നന്മകൊണ്ട് പരീക്ഷിക്കുന്നത് നന്ദിയും കൂറും വണക്കവും. മരുഭൂമിയിൽ മന്നയും സൽവായും വർഷിച്ചതും, കരിമ്പാറയിൽനിന്ന് കുടിനീർ പൊട്ടിയൊഴുകിയതും, അനുഗൃഹീതമായ ഫലസ്തീൻ പ്രദേശത്തിന്റെ അധിപതികളായതും ഇസ്രാഈല്യർ നേരിട്ട നന്മകൾകൊണ്ടുള്ള പരീക്ഷണങ്ങളായിരുന്നു. സാബത്തു നാളിൽ മത്സ്യബന്ധനം നിരോധിക്കപ്പെട്ടതും, ബഹുദൈവ വിശ്വാസികളുടെ വിഗ്രഹാരാധനയിലും സാമിരിയുടെ ഗോപൂജയിലും കൗതുകം തോന്നിയതും, റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളുടെ ആക്രമണത്തിൽ സ്വരാജ്യം നഷ്ടമായതും തിന്മകൊണ്ടുള്ള പരീക്ഷണങ്ങളും. ●

**ഫറവോനികളെ ഏറ്റം നികൃഷ്ടമായി സമുദ്രത്തിൽ മുക്കി നശിപ്പിച്ച അല്ലാഹു, അവർ അടിമകളാക്കി മ്ലേഛമായി പീഡിപ്പിച്ചുകൊണ്ടിരുന്ന ഇസ്രാഈല്യരെ ലോകത്തിലെ മികച്ച സമൂഹമാക്കി ഉയർത്തുകയും ചെയ്തു.**